# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 526** **28.02.2017-ൽ മറുപടിയ്ക്ക്**

## കെ. എസ്. എഫ്. ഇ. യിൽ ആശ്രിത നിയമനം

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ. എസ്. എഫ്. ഇ. യിൽ ആശ്രിത നിയമനം സംബന്ധിച്ച് ശ്രീ.അശ്വിൻ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) & (ബി) & (സി) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് ശ്രീ.അശ്വിൻ 14.09.2015 ൽ സമർപ്പിച്ച അപേക്ഷ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് മാനേജിംഗ് ഡയറക്ടർ 15.09.2015 ലെ 4103 നമ്പർ കത്ത് മുഖേന സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ ഇ-ഫയൽ നം.TAXES/H2/62/2015 (തപാൽ നം.21084) പ്രകാരം പരിശോധിക്കുകയും ആയതോടൊപ്പം പിന്തുടർച്ചാവകാശികളുടെ സമ്മതപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ അത് സമർപ്പിക്കുന്നതിന് 03.12.2015 ൽ അപേക്ഷകനെ അറിയിച്ചു. ടിയാൻ പ്രസ്തുത രേഖ ഹാജരാക്കിയതിനെത്തുടർന്ന് 19.01.2016 ൽ കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് തേടുകയും ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ പരിശോധിച്ചതിൽ ടിയാന്റെ വരുമാന പരിധി ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമനം നൽകുന്നതിന് സ.ഉ(പി) നം.28/2010/പ്ലാനിംഗ് തീയതി 05.06.2010 ൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധിയേക്കാൾ ഉയർന്നതാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടിയാന്റെ അപേക്ഷ നിരസിച്ച് 03.08.2016-ൽ അപേക്ഷകന് മറുപടി നൽകി. 28.09.2016 ൽ ഇതേ വിഷയം പുന:പരിശോധിക്കുന്നതിനുവേണ്ടി ടിയാൻ വീണ്ടും അപേക്ഷ സമർപ്പിച്ചു. ടിയാന്റെ വാർഷിക വരുമാനം, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമനം നൽകുന്നതിന് ഇപ്പോൾ ബാധകമായിട്ടുള്ള സ.ഉ(പി) നം.01/2016/പ്ലാനിംഗ് തീയതി 03.01.2016-ൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന |
| (ബി) | എച്ച് 2/62/2015/ടാക്സസ് എന്ന ഫയലിന്റെ പുരോഗതി അറിയിക്കാമോ; ഫയൽ ഉത്തരവാകുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ; | | |
| (സി) | ഫയലിന്റെ തപാൽ നമ്പരും കമ്പ്യൂട്ടർ നമ്പരും അറിയിക്കാമോ ; ഫയലിൽ എത്രയും വേഗം തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

| | | | |
|---|---|---|---|
| | | | പരിധിക്കുള്ളിലാണ്. ടി ഫയൽ അഭിപ്രായത്തിനായി ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ) വകുപ്പിന് 10.01.2017-ൽ അയച്ചിട്ടുണ്ട്. നിലവിലെ തപാൽ നം.894775/16/TAXES( കമ്പ്യൂട്ടർ നം. TAXES/H2/62/15)ആണ്. ആ വകുപ്പിൽ നിന്ന് ഫയൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**